**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3817** **27-10-2021 - ൽ മറുപടിയ്ക്ക്**

**മൂന്നാം ലോക കേരള സഭ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ.കെ.രമ | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | ലോക കേരള സഭ മൂന്നാം സമ്മേളനം വിളിച്ച് ചേർക്കുന്നതിന് തീരുമാനിക്കുകയുണ്ടായോ എന്ന് അറിയിക്കാമോ; | (എ) | തീരുമാനമായിട്ടില്ല. |
| (ബി) | ഇതിനായി എത്ര രൂപയാണ് നിലവിൽ അനുവദിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ; | (ബി) | ലോക കേരള സഭയ്ക്കായി നടപ്പ് സാമ്പത്തിക വർഷം 1 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (സി) | ലോക കേരള സഭയുടെ ഒന്നും രണ്ടും സമ്മേളനങ്ങൾക്കായി സർക്കാരിൽ നിന്നും ചെലവഴിച്ച തുകയുടെ ഇനം തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (സി) | ലോക കേരള സഭയുടെ ഒന്നും രണ്ടും സമ്മേളനങ്ങൾക്കായി ചെലവഴിച്ച തുകയുടെ വിശദവിവരം അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു. |
| (ഡി) | ലോക കേരള സഭയുടെ കഴിഞ്ഞ രണ്ട് സമ്മേളനങ്ങളുടെ ഫലമായി സംസ്ഥാനത്തിനുണ്ടായിട്ടുള്ള നേട്ടങ്ങൾ എന്തൊക്കെയാണെന്നാണ് വിലയിരുത്തിയിട്ടുള്ളത്; വിശദാംശങ്ങൾ നൽകുമോ? | (ഡി) | ലോകത്താകെയുള്ള കേരളീയരുടെ കൂട്ടായ്മയും പരസ്പര സഹകരണവും പ്രോത്സാഹിപ്പിക്കുകയും, കേരള സംസ്കാരത്തിന്റെ പുരോഗമനപരമായ വികസനത്തിന് വേണ്ടി പ്രവർത്തിക്കുകയുമാണ് ലോക കേരള സഭയുടെ ലക്ഷ്യം. ലോക കേരള സഭയുടെ താൽപര്യവൃത്തത്തിൽ വരുന്ന വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനും ഇന്ത്യൻ ഭരണഘടനയ്ക്കും ആതിഥേയ രാജ്യങ്ങളിലെ ഭരണവ്യവസ്ഥകൾക്കും അന്താരാഷ്ട്ര കരാറുകൾക്കും ഉഭയകക്ഷി ഉടമ്പടികൾക്കും വിരുദ്ധമാകാത്തതും, പൊതു സമ്മതവുമായ തീരുമാനങ്ങൾ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ശ്രദ്ധയിൽക്കൊണ്ടുവരുന്നതിനും അനുഭാവപൂർണ്ണമായ നടപടികൾ ശിപാർശ ചെയ്യുന്നതിനും ലോക കേരള സഭ പ്രയത്നിക്കുന്നു. ലോകകേരള സഭ സ്റ്റാൻഡിംഗ് കമ്മിറ്റികൾ സമർപ്പിച്ച ശിപാർശകളിൽ താഴെ പറയുന്നവയിൽ നടപടികൾ സ്വീകരിച്ചു. 1. കേരളത്തിന്റെ പുരോഗതിക്ക് ഉതകുന്നതും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതുമായ മേഖലകളിൽ പ്രവാസി മലയാളികളുടെ നിക്ഷേപങ്ങൾ സ്വീകരിക്കുവാൻ മുഖ്യമന്ത്രി |

ചെയർമാനായി ഓവർസീസ് കേരളൈറ്റ്സ് ഇൻവെസ്റ്റ്മെന്റ് & ഹോൾഡിങ് ലിമിറ്റഡ് രൂപവത്ക്കരിച്ചു. പ്രസ്തുത കമ്പനിയുടെ പ്രഥമ സംരംഭമാണ് അന്താരാഷ്ട്ര നിലവാരത്തിലുള്ള ദേശീയ/സംസ്ഥാന പാതയോരത്തെ way side amenities പ്രൊജക്റ്റ്. ഇതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടന്നുവരുന്നു. 2. പ്രവാസികളായ കേരളീയരുടെ ക്ഷേമത്തിനും പുനരധിവാസത്തിനും ആവശ്യമായ സാമ്പത്തികവും സാങ്കേതികവുമായ നിരവധി നൂതന കർമ്മ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നതിന് കേരള സംസ്ഥാന പ്രവാസി ക്ഷേമ വികസന സഹകരണ സംഘം ക്ലിപ്തം 4499 രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ചു. 3. വനിതകളുടെ സുരക്ഷിത കുടിയേറ്റം ഉറപ്പാക്കുന്നതിനും കുടിയേറ്റവുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങളിൽ ബോധവൽക്കരണം നടത്തുന്നതിനും വനിതാ കുടിയേറ്റക്കാരുടെ പരാതികൾ സ്വീകരിക്കുന്നതിനുമായി നോർക്ക റൂട്ട്സിൽ എൻ ആർ കെ വനിതാ സെൽ രൂപീകരിച്ചു. 4. മനുഷ്യക്കടത്ത്, വിവേചനം, ചൂഷണം, കുടിയേറ്റ തൊഴിലാളികളെ ദുരുപയോഗം ചെയ്യുക എന്നിവ തടയുന്നതിനും വിദേശ സാഹചര്യങ്ങളിൽ പ്രതീക്ഷിക്കുന്ന ബുദ്ധിമുട്ടുകളെക്കുറിച്ച് നന്നായി മനസ്സിലാക്കുന്നതിനും കുടിയേറ്റത്തിന് തയ്യാറാകുന്നവർക്ക് ബോധവൽക്കരണം നടത്താൻ പാസ്പോർട്ട് ഓഫീസ്, എയർപോർട്ട് എന്നിവിടങ്ങളിൽ വിദേശകാര്യ മന്ത്രാലയവും സിവിൽ ഏവിയേഷനുമായി സഹകരിച്ച് ഒരു അഡ്വൈസറി സെൽ രൂപീകരിക്കാനുമാണ് ഉദ്ദേശിക്കുന്നത്. ഇതുമായി ബന്ധപ്പെട്ട പ്രൊപ്പോസലുകൾ കേന്ദ്ര സർക്കാരിന് കൈമാറിയിട്ടുണ്ട്. 5. നൈപുണ്യ വികസനവുമായി ബന്ധപെട്ട് ഹൈ പവർ കമ്മിറ്റി രൂപീകരിച്ചു.. 6. കുടിയേറ്റവുമായി ബന്ധപ്പെട്ട് പഠനം നടത്തുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും CENTRE FOR DEVELOPMENT STUDIES (CDS) ൽ അന്താരാഷ്ട്ര കുടിയേറ്റ കേന്ദ്രം സ്ഥാപിച്ചു. ഇതിന്റെ പ്രവർത്തനം CDS ൽ നടന്നുവരുന്നു. 7. പ്രവാസികൾക്കായുള്ള ഒരു ആനുകാലിക പ്രസിദ്ധീകരണം 'ലോക മലയാളം' എന്ന പേരിൽ ആരംഭിച്ചു. 8. പ്രവാസികളുടെ പ്രശ്നങ്ങൾക്ക് സത്വര പരിഹാരത്തിനായി എല്ലാ ജില്ലയിലും ജില്ലാ കളക്ടർ ചെയർമാനായ ജില്ലാ പ്രവാസി പരാതി പരിഹാര കമ്മിറ്റി രൂപീകരിച്ച് പ്രവർത്തിച്ച് വരുന്നു. 9. സംസ്ഥാന സർക്കാരിന്റെ അധികാരപരിധിയിൽ വരാത്തതും കേന്ദ്ര സർക്കാർ ഇടപെടലുകൾ

| | | | |
|---|---|---|---|
| | | | അനിവാര്യവുമായ ഇതര വിഷയങ്ങൾ വിദേശകാര്യമന്ത്രാലയത്തിലേക്ക് അടിയന്തര പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ട്. 10. സംസ്ഥാന സർക്കാർ വകുപ്പുകൾ വഴി നിറവേറ്റപ്പെടേണ്ട ശിപാർശകൾ വകുപ്പുതലത്തിൽ യോഗം ചേർന്ന് ത്വരിതഗതിയിൽ നടപ്പാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| **EXPENDITURE STATEMENT OF 1ST & 2ND LOKA KERALA SABHA(LKS)** | | |
|---|---|---|
| COMPONENT | EXPENDITURE (in Rs) | |
| | 1st LKS 2018 | 2nd LKS 2020 |
| Office set up/ Administration/ Co-ordination/ Website | 1404948.00 | 460420.00 |
| Publicity/ Printing | 730826.00 | 680859.00 |
| Co-ordinating with participating agencies | 125923.00 | NIL |
| Venue arrangements/ Accommodation/ Travel (including Air Fare) | 17915175.00 | 7187817.00 |
| Additional Works | NIL | 3799737.00 |
| Miscellaneous | 144989.00 | 39900.00 |
| **Total** | **20321861.00** | **12168733.00** |